(ഡി) 1998-99ൽ 14,952 വൈറൽ ഹെപ്പെറ്റൈറ്റീസ് റിപ്പോർട്ട് ചെയ്യുകയും അതിൽ 17 മരണം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഹെപ്പറ്റൈറ്റീസ് ബി മാത്രം തരംതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

143 (2329) ഹെപ്പെറ്റൈറ്റീസ് ബി രോഗ പ്രതിരോധ നടപടി

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെപ്പെറ്റൈറ്റീസ് ബി രോഗംമൂലം സംസ്ഥാനത്ത് ഓരോ ജില്ലയിലും എത്രപേർ മരണപ്പെട്ടിട്ടുണ്ട്;

(ബി) കേരളത്തിൽ ഏത് ജില്ലയിലാണ് ഈ രോഗം കൂടുതലായി കാണപ്പെടുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഹെപ്പെറ്റൈറ്റീസ് ബി രോഗം മൂലം മാത്രം മരിച്ചവരുടെ കണക്കുകൾ ലഭ്യമല്ല. എന്നാൽ 1998-ൽ സംസ്ഥാനത്ത് വൈറൽ ഹെപ്പെറ്റൈറ്റീസ്മൂലം 17 മരണം സംഭവിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	9
ആലപ്പുഴ	-	1
കോട്ടയം	-	1
മലപ്പുറം	-	1
വയനാട്	-	3
കണ്ണൂർ	-	2
		17

(ബി) വൈറൽ ഹെപ്പെറ്റൈറ്റീസ് രോഗം മലപ്പുറം ജില്ലയിൽ താരതമ്യേന കൂടുതലായി കാണപ്പെടുന്നുവെന്നാണ് ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

144 (2330) തൃശ്ശൂർ മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്നുവീണ സംഭവം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം തൃശ്ശൂർ മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്നുവീണ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതിനായി ചുമതലപ്പെടുത്തിയ അന്വേഷണ കമ്മിഷനിൽ ആരൊക്കെയാണ് അംഗങ്ങൾ;

(സി) ഈ കമ്മിഷൻ തൃശ്ശൂരിൽ പൊതുജനങ്ങളിൽനിന്നും തെളിവ് എടുത്തിട്ടുണ്ടോ; തൃശ്ശൂരിൽ എന്നാണ് സിറ്റിംഗ് നടത്തിയത്;

(ഡി) തൃശൂരിനുപുറമേ മറ്റു ഏതെങ്കിലും പ്രദേശങ്ങളിൽ തെളിവെടുപ്പ് നടത്തിയിട്ടുണ്ടോ;

(ഇ) അന്വേഷണ കമ്മിഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത അന്വേഷണ കമ്മിഷന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) റവന്യൂ സെക്രട്ടറി ചെയർമാനും, പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ (ബിൽഡിംഗ് ആന്റ് ലോക്കൽ വർക്സ്) മെഡിക്കൽ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി എന്നിവർ അംഗങ്ങളായുമുള്ള കമ്മിറ്റിയെയാണ് അന്വേഷണ ചുമതല ഏൽപ്പിച്ചത്.

(സി) ഉണ്ട്. 21.11.1998-ൽ.

(ഡി) ഇല്ല.

(ഇ)&(എഫ്) 10.12.1998-ൽ റിപ്പോർട്ട് സർക്കാരിന് ലഭിച്ചു. റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിച്ചുവരികയാണ്.

145 (2331) തൃശ്ശൂർ ജില്ലാ ആശുപത്രി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ ഇപ്പോൾ ഏതൊക്കെ വിഭാഗങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കെട്ടിടത്തിന്റെ സുരക്ഷിതത്വ കുറവിനാൽ ഏതൊക്കെ വിഭാഗങ്ങൾ നിർത്തലാക്കി;

(സി) എത്ര കെട്ടിടങ്ങളാണ് അപകടനിലയിൽ ഉള്ളത്; ഇത് സംബന്ധിച്ച് പരിശോധന നടത്തിയത് ആരാണ്; പരിശോധനാ റിപ്പോർട്ട് വിശദീകരിക്കുമോ;

(ഡി) ജില്ലാ ആശുപത്രിയിൽ ദിവസേനവരുന്ന രോഗികൾ എത്ര; ഇതിൽ ഒ.പി. എത്ര; കിടത്തി ചികിത്സിക്കുന്നവർ എത്ര;

(ഇ) നിലവിൽ എത്ര ബഡ്സ് ഉണ്ട്;

(എഫ്) തൊട്ടടുത്തുള്ള മെഡിക്കൽ കോളേജ് കെട്ടിടത്തിന്റെ കുറച്ചു ഭാഗം ജില്ലാ ആശുപത്രിക്ക് വിട്ടുകൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) മെഡിസിൻ, ഓർത്തോ, ഫിസിയോതെറാപ്പി, ഗൈനക്കോളജി, ഒപ്താൽമോളജി, ഇ.എൻ.ടി., ഡെന്റൽ, സൈക്യാട്രിക്, സർജറി, പീഡിയാട്രിക്, സ്കിൻ ആന്റ് വി.ഡി., കാഷ്വാലിറ്റി, സ്കൂൾ ഹെൽത്ത് എന്നീ വിഭാഗങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു.

(ബി) ഒരു വിഭാഗവും നിർത്തലാക്കിയിട്ടില്ല.

(സി) മെയിൻ ഓപ്പറേഷൻ തീയേറ്ററും ലേബർ റൂമും, ഒബ്സർവേഷൻ റൂമും ഉൾപ്പെടുന്ന ഒരു കെട്ടിടമാണ് അപകടനിലയിൽ ഉള്ളത്. ഇപ്പോൾ ചെറിയ ഓപ്പറേഷൻ തീയേറ്ററും അതിനോടനുബന്ധിച്ചുള്ള സൗകര്യങ്ങളും (ഫാമിലി വെൽഫെയർ ഓപ്പറേഷൻ തീയേറ്റർ) പകരം സംവിധാനമെന്ന നില

LIBRARY ARCHIVES Kerala Legislative Assembly